**ഇത് എന്റെ അനുഭവം**

# വിശ്വാസികൾക്ക് പ്രവേശനമില്ല

ഡോ. പുഷ്പ സാംകുട്ടി

തിരുവല്ല മാർത്തോമ്മാ കോളജിൽനിന്ന് ബാച്ച്‌ലെഴ്സ് ബിരുദവും മിസിസ്സിപ്പി സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് മൈക്രോബയോളജിയിൽ മാസ്റ്റേഴ്സ് ബിരുദവും ലൂസിയാന സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡെയറി മൈക്രോബയോളജിയിൽ പിഎച്ച്. ഡി. യും സമ്പാദിച്ചിട്ടുള്ള പ്രൊഫസർ പുഷ്പ സാംകുട്ടി ഏഴായിരത്തോളം വിദ്യാർത്ഥികൾ ഒരേ കാമ്പസിൽ പഠിക്കുന്ന അമേരിക്കയിലെ സതേൺ (സ്റ്റേറ്റ്) യൂണിവേഴ്സിറ്റിയിൽ ബയോളജി വകുപ്പിന്റെ ചെയർ പെഴ്സൻ ആയി ജോലി നോക്കുന്നു. ശാസ്ത്ര ജേണലുകളിൽ ഗവേഷണ പഠനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി ഓഫ് പിറ്റ്സ്ബർഗിലും ടെക്സസ് യൂണിവേഴ്സിറ്റിയിലും വിസിറ്റിംഗ് പ്രൊഫസറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2005 ൽ അമേരിക്കയിലെ ഫെഡറൽ ഗവണ്മെന്റിന്റെ കീഴിലുള്ള 'ഹോംലാൻഡ് സെക്യൂരിറ്റി വകുപ്പ്' അണുജീവി ശാസ്ത്രത്തിൽ സമ്മർ ഗവേഷണ പഠനം നടത്താനുള്ള ഗ്രാന്റിനു വേണ്ടി തിരഞ്ഞെടുത്ത അഞ്ച് ഗവേഷകരിൽ ഒരാളാണ് ഈ മലയാളി വനിത.

1990-ലേക്ക് എന്റെ ഓർമ്മയെ തിരിച്ചുവിടുകയാണ്. ഞങ്ങൾ കുടുംബമായി അന്ന് ഇന്ത്യ സന്ദർശിക്കുകയുണ്ടായി. ഏകദേശം മൂന്നു മാസത്തെ അവധി ഞങ്ങൾക്കുണ്ടായിരുന്നു.

അന്ന് ഞങ്ങളുടെ മകൻ രഞ്ജിത്തിന് പത്തു വയസ്. മകൾ ബിന്ദുവിന് ഏഴു വയസ്. മെയ് മാസത്തിൽ അവർ ബന്ധുക്കളുടെയും അയൽവാസികളുടെയും കുട്ടികളുമായി കളിച്ചു ചാടി ഉല്ലസിച്ചു.

ജൂൺ മാസം ആരംഭിച്ചപ്പോൾ അയലത്തെ കുട്ടികളെല്ലാം സ്കൂളിൽ പോയിത്തുടങ്ങി. ഞങ്ങളുടെ കുഞ്ഞുങ്ങൾ ഒറ്റയ്ക്കായി. ദിവസം മൊത്തം വെറുതെ വീട്ടിലിരുന്ന് അവർ മുഷിഞ്ഞു.

"എന്നാൽ പിള്ളാരെ തിരുവനന്തപുരം കാണിക്കാം," ഞാൻ അഭിപ്രായപ്പെട്ടു.

അത് എല്ലാവർക്കും സമ്മതമായി. തലസ്ഥാന നഗരി കാണാമല്ലോ. ഞാനും ഭർത്താവും കുഞ്ഞുങ്ങളോടൊത്ത് തിരുവനന്തപുരത്ത് രണ്ടുദിവസം ചിലവഴിക്കാൻ തീരുമാനിച്ചു.

ഒരു ചൊവ്വാഴ്ച അവിടെ എത്തി. പട്ടണത്തിലും പരിസരത്തിലുമുള്ള ബന്ധുമിത്രാദികളെ സന്ദർശിച്ചു. അപ്പോഴാണ് ഏക-ദിന-സവാരി ക്രമീകരണത്തെപ്പറ്റി കേട്ടത്. നാല്പതു രൂപ കൊടുത്താൽ മതി; അവിടെയുള്ള ഒരു ട്രാവൽ ഏജൻസി സന്ദർശകരെ തിരുവനന്തപുരം, കോവളം, വേളി തുടങ്ങിയ സ്ഥലങ്ങളിൽ പ്രത്യേക ബസിൽ കൊണ്ടുപോകും.

ബുധനാഴ്ച രാവിലെ ഒമ്പതു കഴിഞ്ഞപ്പോൾ ഞങ്ങൾ ട്രാവൽ ഏജൻസിയിൽ എത്തി. ടൂറിസ്റ്റ് ബസ് അവിടെ തയ്യാറായി കിടപ്പുണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നും കേരളം സന്ദർശിക്കുന്ന പത്തു മുപ്പതു മലയാളികൾ ബസിലുണ്ടായിരുന്നു. അക്കൂട്ടത്തിൽ ഓർത്തഡോക്സ്, കത്തോലിക്കാ സഭാംഗങ്ങളായ ഏതാനും അമേരിക്കൻ മലയാളി വനിതകളും ഉൾപ്പെട്ടിരുന്നു. കൂടുതൽ പേരും ഹൈന്ദവർ.

പത്തു മണിയോടടുത്തപ്പോൾ ബസ് പുറപ്പെട്ടു. ആദ്യം തിരുവനന്തപുരം നഗരത്തിലൂടെ ബസ് ഓടിച്ചു. ഞങ്ങൾ പട്ടണം ചുറ്റിക്കണ്ടു. ബസിൽ ഘടിപ്പിച്ചിട്ടുള്ള ഉച്ചഭാഷിണിയിൽ കൂടി മദ്ധ്യവയസ്ക്കനായ ടൂർ ഗൈഡ് റോഡിന്റെ ഇരുവശങ്ങളിലുമുള്ള പ്രധാന സ്ഥാപനങ്ങളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ നൽകിക്കൊണ്ടിരുന്നു. പതിനൊന്നു മണി കഴിഞ്ഞപ്പോൾ ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ മുമ്പിൽബസ് നിന്നു. ക്ഷേത്രത്തെപ്പറ്റിയുള്ള ചരിത്ര വിവരങ്ങൾ ഉച്ചഭാഷിണിയിലൂടെ നൽകിയശേഷം ടൂർ ഗൈഡ് ഇങ്ങനെ ഒരു വിജ്ഞാപനം നടത്തി: "ഇവിടെ നിങ്ങൾക്ക് അര മണിക്കൂർ ഉണ്ട്. ഹിന്ദുക്കൾക്കു മാത്രമേ ഉള്ളിൽ പ്രവേശനമുള്ളു. ആ കാണുന്ന ലൈനിന് അപ്പുറത്തേക്ക് അന്യമതക്കാർ ആരും പ്രവേശിക്കരുത്."

ഞാനും ബസിലുണ്ടായിരുന്ന മറ്റു യാത്രക്കാരും ക്ഷേത്രത്തിന്റെ മുമ്പിലെത്തി. എന്റെ ചുറ്റും പല സ്ത്രീകൾ ഉണ്ടായിരുന്നു. എന്നാൽ ടൂർ ഗൈഡ് എന്നെ നോക്കി ഇങ്ങനെ പറഞ്ഞു: "നിങ്ങൾ ഈ ലൈൻ കടന്ന് മുന്നോട്ടു പോകരുത്. വിശ്വാസികൾക്ക് ഇവിടെ പ്രവേശനമില്ല."

ഒരു പക്ഷേ മറ്റു സ്ത്രീകളോടൊപ്പം ഞാനും അല്പംകൂടി ഉള്ളിലേക്ക് നടന്നു കയറിയേക്കും

എന്ന ഒരു ആശങ്ക അദ്ദേഹത്തിനു തോന്നിയിരിക്കും. പ്രത്യേകിച്ച് ഞങ്ങളുടെ കുട്ടികൾ, ക്ഷേത്രത്തിനകത്ത് എന്തൊക്കെ കാഴ്ചകളുണ്ട് എന്നു കാണാനുള്ള ആകാംക്ഷയിലായിരുന്നു. കുഞ്ഞുങ്ങളുടെ ജിജ്ഞാസ അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ട്.

ടൂർ ഗൈഡിന്റെ പ്രസ്താവന എന്നെ വളരെ ചിന്തിപ്പിച്ചു – "വിശ്വാസികൾക്ക് ഇവിടെ പ്രവേശനമില്ല."

അതിനുമുമ്പ് സംസാരിച്ചുപോലും പരിചയമില്ലാത്ത ഒരു മനുഷ്യനാണദ്ദേഹം.

"ക്രിസ്ത്യാനികൾക്ക് ഇവിടെ പ്രവേശനമില്ല" എന്നു പറഞ്ഞില്ല. "മുസ്ലീംകൾക്ക് പ്രവേശനമില്ല" എന്നും പറഞ്ഞില്ല.

വിശ്വാസികൾക്ക്!!

വിശ്വാസികൾക്ക്!!

ഞാൻ ഒരു വിശ്വാസിയാണെന്ന് അദ്ദേഹം എങ്ങനെ അറിഞ്ഞു?

ഉച്ചയ്ക്ക് ബസിലുണ്ടായിരുന്നവർ എല്ലാവരും ഊണു കഴിക്കാൻ ഹോട്ടലിൽ കയറി. ഞാനും ഭർത്താവും ടൂർ ഗൈഡിന്റെ സമീപത്തു ചെന്നിരുന്നു. അന്യോന്യം പരിചയപ്പെട്ടു. ഞാൻ ചോദിച്ചു, "എന്നെ വിശ്വാസിയെന്ന് സംബോധന ചെയ്തത് എന്തുകൊണ്ട്?" അദ്ദേഹം മറുപടി പറഞ്ഞു, "നിങ്ങളുടെ ശരീരത്തിൽ ആഭരണങ്ങളില്ലല്ലോ. നിങ്ങൾ പെന്തക്കോസ്തുകാരാണെന്ന് എനിക്കു മനസ്സിലായി. ഞങ്ങളുടെ നാട്ടിൽ പെന്തക്കോസ്തുകാരെ എല്ലാവരും വിളിക്കുന്നത് വിശ്വാസികളെന്നാണ്." അദ്ദേഹം സിറിയൻ ഓർത്തഡോക്സ് സഭാംഗമാണ്.

എനിക്ക് അഭിമാനം തോന്നി. മുപ്പതിലധികം യാത്രക്കാരുണ്ടായിരുന്ന ഒരു ബസിൽ എനിക്കു മാത്രം "വിശ്വാസി" എന്ന ബഹുമതി ലഭിച്ചിരിക്കുന്നു. മുമ്പൊരിക്കലും പരിചയപ്പെട്ടിട്ടില്ലാത്ത ഒരാൾ ഒറ്റനോട്ടത്തിൽ ഞാനൊരു വിശ്വാസിയാണെന്ന് അംഗീകരിച്ചിരിക്കുന്നു. എന്റെ ജീവിതത്തിൽ ലഭിച്ച ഏറ്റവും വലിയ സർട്ടിഫിക്കറ്റായി ഇതിനെ ഞാൻ കരുതുന്നു.

ഉച്ച കഴിഞ്ഞ് ഞങ്ങൾ കോവളത്തും വേളിയിലും പോയി. ടൂർ ഗൈഡുമായി ഏറെനേരം ആത്മീയ കാര്യങ്ങൾ ചർച്ച ചെയ്യുവാൻ ഞങ്ങൾക്ക് അവസരം ലഭിച്ചു.

ഓഗസ്റ്റ് ആദ്യത്തെ വാരാന്തത്തിൽ എന്റെ ഭർത്താവ് (ഏഴംകുളം സാംകുട്ടി) തിരുവനന്തപുരം പോളിയോ ഹോം ഓഡിറ്റോറിയത്തിൽ വച്ച് ഒരു ക്രൂസേഡു യോഗം നടത്തി. പെട്ടെന്നു ക്രമീകരിച്ച ഒരു യോഗമായിരുന്നു അത്. യോഗം പര്യവസാനിച്ചപ്പോൾ വരാന്തയിൽ ഒരു ചെറിയ കൂട്ടം ആളുകൾ ഭർത്താവിനെ പ്രതീക്ഷിച്ച് നില്ക്കുന്നു. ഞങ്ങളെ തിരുവനന്തപുരം കാണിച്ച ടൂർ ഗൈഡും അദ്ദേഹത്തിന്റെ ഭാര്യയും അയൽവാസികളായ കുറെ ആളുകളും.

തിരുവനന്തപുരം അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ ശുശ്രൂഷകനായിരുന്ന പാസ്റ്റർ പി. എസ്. ജോർജും ചർച്ച് ഓഫ് ഗോഡിലെ യുവജന സംഘാടകനായിരുന്ന ശ്രീ റജി ഫിലിപ്പും കൂടിയാണ് ആ ക്രൂസേഡുയോഗം ക്രമീകരിച്ചത്. ഞങ്ങൾ നാട്ടിലേക്കു വരുമ്പോഴോ മറ്റു പല പട്ടണങ്ങളിൽ യോഗം നടത്തിയപ്പോഴോ തിരുവനന്തപുരത്ത് ഒരു യോഗം നടത്താൻ പദ്ധതിയില്ലായിരുന്നു. ടെലഫോൺ ബുക്കിൽ മേൽവിലാസമുള്ള തിരുവനന്തപുരം പട്ടണവാസികൾക്കെല്ലാം ക്രൂസേഡ് വിവരം അച്ചടിച്ച നോട്ടീസുകൾ തപാൽ വഴി റജി ഫിലിപ്പ് അയച്ചിരുന്നു. അതനുസരിച്ച് എന്റെ ഭർത്താവിന്റെ പ്രസംഗം കേൾക്കുവാൻ എത്തിയതാണ് ആ ടൂർ ഗൈഡും അദ്ദേഹത്തിന്റെ കുടുംബവും ബന്ധുമിത്രാദികളും അയൽവാസികളും.

ഈ സംഭവം എന്നെ വളരെ ചിന്തിപ്പിച്ചു. തലസ്ഥാന നഗരി കാണാൻ പോയപ്പോൾ ഞാൻ ആഭരണധാരിയായി, ബസിലുണ്ടായിരുന്ന മറ്റു സ്ത്രീകളെപ്പോലെ ആഢംബര വിഭൂഷിതയായി പോയിരുന്നെങ്കിൽ ഞാനൊരു പെന്തക്കോസ്തു വിശ്വാസിയാണെന്ന് ആ മനുഷ്യൻ മനസ്സിലാക്കുമായിരുന്നില്ല. അദ്ദേഹവുമായി ആത്മീയ കാര്യങ്ങൾ ചർച്ച ചെയ്യുവാൻ അവസരം ലഭിക്കുമായിരുന്നില്ല. ഏറ്റവും പ്രധാനമായി, എന്റെ ഭർത്താവിന്റെ സുവിശേഷ ദൂത് ശ്രദ്ധിക്കുവാൻ അദ്ദേഹത്തിന് വഴി തുറക്കപ്പെടുമായിരുന്നില്ല.

ശരി തന്നെ. ഞാനൊരു വിശ്വാസിയാണ്. പെന്തക്കോസ്തുകാരിയാണ്. അതിൽ ഞാൻ വിനയപൂർവ്വം അഭിമാനം കൊള്ളുന്നു.

അതേ, ഞാൻ വിശ്വാസിയാണ്.

ക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനുവേണ്ടി മരിച്ചു എന്ന ബൈബിൾ സന്ദേശം അംഗീകരിച്ചിരിക്കുന്ന വിശ്വാസി.

ക്രിസ്തുവിന്റെ കാൽവറി യാഗത്തിൽ പാപത്തിനും രോഗത്തിനും വിടുതലുണ്ടെന്ന് സർവ്വാത്മനാ അംഗീകരിക്കുന്ന വിശ്വാസി.

ക്രിസ്തു മനുഷ്യനിൽ പരിവർത്തനം വരുത്തുമ്പോൾ ഹൃദയത്തിൽ മാത്രമല്ല, ശരീരത്തിലും

വസ്ത്രധാരണ രീതിയിലും ദൈനംദിന ജീവിതശൈലിയിലും മാറ്റങ്ങൾ വരുത്തും എന്ന് വിശ്വസിക്കുന്ന വിശ്വാസിയാണു ഞാൻ.

പെന്തക്കോസ്തു വിപ്ലവത്തിന്റെ മുന്നോടികളായ നമ്മുടെ പൂർവ്വ പിതാക്കളോട് ദൈവാത്മാവ് ഇടപെട്ടു എന്നും, ലളിതമായ ജീവിതശൈലി ഈ പ്രസ്ഥാനത്തിന്റെ മുഖമുദ്ര ആയിരിക്കണമെന്ന് അവർക്കു ദൈവിക നിർദ്ദേശം ലഭിച്ചു എന്നും സംശയലേശമെന്യേ വിശ്വസിക്കുന്ന വിശ്വാസിയാണു ഞാൻ. കേരളത്തിലും യൂറോപ്പിലും അമേരിക്കയിലും താമസിച്ചിരുന്ന നമ്മുടെ പൂർവ്വ പിതാക്കൾക്ക് ഈ വെളിച്ചം ലഭിച്ചിരുന്നു.

ഇന്നത്തെ പെന്തക്കോസ്തു ലോകത്തെ വിഷദൂഷിതമാക്കിയിരിക്കുന്ന അമിത സ്വാതന്ത്ര്യവും അയഞ്ഞ സമീപന രീതിയും പാപികൾ രക്ഷിക്കപ്പെടുന്നതിനും ജനം ഉണർത്തപ്പെടുന്നതിനും തടസം ഉണ്ടാക്കും എന്നുകൂടി വിശ്വസിക്കുന്ന വിശ്വാസിയാണു ഞാൻ.

വിനയപൂർവ്വം ഞാൻ ഒരു ചോദ്യം മുന്നോട്ടു വയ്ക്കട്ടെ: നമ്മെ കണ്ടാൽ നാം വിശ്വാസികളാണെന്ന് നമ്മുടെ പെരുമാറ്റത്തിൽകൂടിയും സംസാരത്തിൽ കൂടിയും വസ്ത്രധാരണത്തിൽ കൂടിയും അന്യർ മനസ്സിലാക്കുമോ?

അല്പംകൂടി സ്പഷ്ടമായി ചോദിക്കട്ടെ: നമ്മെ കണ്ടാൽ പെന്തക്കോസ്തു പുരുഷന്മാരും പെന്തക്കോസ്തു സ്ത്രീകളും ആണെന്ന് അന്യർ ഒറ്റനോട്ടത്തിൽ മനസ്സിലാക്കുമോ?

നമ്മെ പെന്തക്കോസ്തു ശക്തിയുള്ള വിശ്വാസികളായി അന്യർ മനസ്സിലാക്കുമ്പോൾ പ്രാർത്ഥനയ്ക്കുവേണ്ടി അവർ നമ്മെ സമീപിക്കും. പരിശുദ്ധാത്മാവിനെപ്പറ്റി കൂടുതൽ ഗ്രഹിക്കുവാൻ താത്പര്യം പ്രകടിപ്പിച്ചുകൊണ്ട് അവർ അടുത്തു വരും.

അങ്ങനെ ജനം നമ്മിലൂടെ ദൈവത്തിലേക്ക് ആകർഷിക്കപ്പെടും; വിടുവിക്കപ്പെടും. ദൈവരാജ്യം വിസ്തൃതമാകയും ചെയ്യും.

ഇവിടെ അമേരിക്കയിൽ ഞങ്ങൾക്ക് ഉറച്ച ഹിന്ദുമത വിശ്വാസിയായ ഒരു അയൽവാസി ഉണ്ടായിരുന്നു. ഞങ്ങൾ വളരെ സ്നേഹബന്ധത്തിലായിരുന്നു. പണ്ട് കേരളാ യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് രജിസ്ട്രാർ ആയിരുന്ന സംസ്കാര സമ്പന്നയായ ഒരു മഹിള. കേരളാ പോലീസ് ഡിപ്പാർട്ടുമെന്റിൽ ഫോറൻസിക് വകുപ്പിന്റെ ഡയറക്ടറായിരുന്ന ഡോ. മാധവ കൈമളിന്റെ ഭാര്യ ശ്രീമതി ലീലാവതി.

ലീലച്ചേച്ചിയുടെ മകൾ ഇപ്പോൾ ഒരു ഡോക്ടറാണ്. ഈ മകൾ മെഡിക്കൽ കോളജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ പെന്തക്കോസ്തുകാരിയായ ഒരു കൂട്ടുകാരി അവൾക്കുണ്ടായിരുന്നു. ആ കൂട്ടുകാരിയെപ്പറ്റി ഒരിക്കൽ ലീലച്ചേച്ചി എന്നോടു ഇങ്ങനെ പറഞ്ഞത് ഓർമ്മിക്കുന്നു: "പുഷ്പേ, ആ പെൺകുട്ടി നല്ല ഭക്തിയുള്ള കുട്ടിയാണ്. സൽസ്വഭാവിയായ ഒരു പെൺകുട്ടി. ആ പെൺകുട്ടിയുടെ വസ്ത്രധാരണം കണ്ടാൽ അവൾ ഈ ലോകത്തിനുവേണ്ടിയാണ് ജീവിക്കുന്നത് എന്നു തോന്നുകയില്ല."

ശരി തന്നെ. നമ്മെ കാണുന്നവർ നാം ഈ ലോകത്തിനുവേണ്ടി മാത്രം ജനിച്ച് ജീവിച്ച് മരിക്കുന്നവരാണെന്ന് പറയാനിട വരരുത്. നാം ദൈവരാജ്യത്തിന്റെ സന്തതികളാണ്. ദൈവരാജ്യത്തിനുവേണ്ടി ജീവിക്കുന്നവരാണ്.

ഈ വസ്തുത മറന്നുകൊണ്ടുള്ള ജീവിതം നമുക്കു വേണ്ടാ. വസ്ത്രധാരണവും വേണ്ടാ.

മാന്യമായി വസ്ത്രം ധരിക്കുവാൻ ചെറുപ്രായം മുതലേ നാം കുട്ടികളെ പരിശീലിപ്പിക്കണം. നമ്മുടെ പെൺകുട്ടികൾ - പ്രൈമറി സ്കൂളിൽ പഠിക്കുന്നവർ മുതൽ പ്രായമായ യുവതികൾ വരെ - മിനി സ്കർട്ടുകൾ പൂർണ്ണമായും വർജ്ജിക്കണം. ചില കൊച്ചു പെൺകുട്ടികൾ നടക്കുന്നതും ഇരിക്കുന്നതും ശ്രദ്ധിച്ചാൽ അവർ അടിയിൽ ധരിച്ചിരിക്കുന്ന വസ്ത്രം നന്നായി കാണാം. കാരണം എന്ത്? ഇറക്കമില്ലാത്ത സ്കർട്ട് ആണ് ധരിച്ചിരിക്കുന്നത്. പെൺകുട്ടികൾ അടിവസ്ത്രം കാണാൻ സാദ്ധ്യതയുള്ള വസ്ത്രം ധരിക്കരുത്. പാകത്തിന് ഇറക്കമുള്ള വസ്ത്രം തുണിക്കടയിൽ കിട്ടിയില്ലെങ്കിൽ അങ്ങനെയുള്ള വസ്ത്രം പ്രത്യേകം തയ്പ്പിച്ചു കൊടുക്കണം.

ബന്ധുക്കൾ സമ്മാനം നല്കുന്ന വസ്ത്രങ്ങളെല്ലാം കണ്ണടച്ചുവാങ്ങി ധരിക്കരുത്. വിദേശ മലയാളികൾ കൊണ്ടുതരുന്നതെല്ലാം നമുക്ക് അനുയോജ്യമാകണമെന്നില്ല.

നഗ്നതയ്ക്കു വേണ്ടിയുള്ള ദാഹം ഇന്നത്തെ ലോകത്തെ മത്തു പിടിപ്പിച്ചിരിക്കുകയാണ്. യഥാർത്ഥ വിശ്വാസി ലോകത്തെ ജയിക്കും. ലൗകിക പ്രലോഭനങ്ങളെയും ജയിക്കും.

ഞാൻ ജനിച്ചുവളർന്നത് മാർത്തോമ സഭയിൽ. മാലയും കൈവളകളും കമ്മലും ധരിച്ച്, പൊട്ടും ക്യൂട്ടക്സും കൺമഷിയും ചാർത്തിയാണ് ഞാൻ കോളജിൽ പോയിരുന്നത്. ഇടയ്ക്കിടെ ഒന്നുരണ്ട് ഇലകളോടുകൂടിയ റോസാപ്പൂവും ചെവിയുടെ പുറകിൽ തിരുകി വയ്ക്കാറുണ്ടായിരുന്നു. 1976-ൽ എന്റെ പതിനെട്ടാമത്തെ വയസ്സിൽ ആണ് ബന്ധുക്കളുടെ എതിർപ്പുകൾ വകവ

യ്ക്കാതെ എന്നെ പൂർണ്ണമായി ദൈവസന്നിധിയിൽ സമർപ്പിച്ച്, ആഭരണങ്ങൾ ഉപേക്ഷിച്ച് ഞാൻ വിശ്വാസ സ്നാനം സ്വീകരിച്ചത്. രണ്ടു വർഷങ്ങൾ കഴിഞ്ഞ് എന്റെ മാതാവും പെന്തക്കോസ്തു വിശ്വാസം സ്വീകരിച്ചു. എന്റെ പിതാവ് പള്ളിയിൽ പോകാറില്ലായിരുന്നു. എങ്കിലും അദ്ദേഹം മരണപ്പെടുന്നതുവരെ മാർത്തോമ സഭയുടെ അംഗം ആയിരുന്നു.

1970 ലാണ് എന്റെ ഭർത്താവ് ഒരു വിദ്യാർത്ഥിയായി അദ്ദേഹത്തിന്റെ 21-ാം വയസ്സിൽ ആദ്യമായി അമേരിക്കയിൽ വന്നത്. ഞങ്ങളുടെ വിവാഹം 1978-ൽ ആയിരുന്നു. പിറ്റേ വർഷം (1979-ൽ) ഞാൻ അമേരിക്കയിൽ എത്തിയ കാലത്ത് ആഭരണത്തോടുള്ള ബന്ധത്തിൽ അമേരിക്കയിലെ ചില പെന്തെക്കോസ്തു സഭകളിൽ ചൂടു പിടിച്ച ചർച്ചകൾ നടന്നുകൊണ്ടിരിക്കയായിരുന്നു. ആഭരണ വർജ്ജന വ്യവസ്ഥകൾക്ക് അയവു വരുത്താൻ പാടില്ല എന്ന് പ്രായവും പക്വതയുമുള്ള ദൈവദാസന്മാർ ശക്തിയായി വാദിച്ചു. ആഭരണ നിയന്ത്രണ വ്യവസ്ഥകൾ വിട്ടുകളയണമെന്ന് മെഗാ ചർച്ചുകളിലെ പാസ്റ്റർമാരും ടെലിവിഷൻ പ്രഭാഷകന്മാരും അവരുടെ അനുയായികളും വാദിച്ചുകൊണ്ടിരുന്നു. ഒടുവിൽ ജനറൽ അസംബ്ലികളിൽ വോട്ടെടുത്തപ്പോൾ മെഗാചർച്ചുകൾക്കും അവയുടെ പാസ്റ്റർമാരുടെ ആശയങ്ങൾക്കും ഭൂരിപക്ഷം ലഭിച്ചു. ആദ്യകാല പ്രവർത്തകരുടെ ശബ്ദം ക്രമേണ നിലച്ചുതുടങ്ങി.

പിന്മാറ്റത്തിലേക്കുള്ള ആദ്യത്തെ പടി ആയിരുന്നു അത്. ഇന്ന് ലൗകികരെയും ആത്മികരെയും തമ്മിൽ തിരിച്ചറിയാൻ കഴിയാത്തവിധം പെന്തക്കോസ്തു ലോകം അമേരിക്കയിൽ അധഃപതിച്ചിരിക്കുന്നു. സിനിമാ നടികളേക്കാൾ കൂടുതൽ ആഭരണം പല പെന്തക്കോസ്തു പാസ്റ്റർമാരുടെ ഭാര്യമാർക്കുണ്ട്.

ഇത്തരം ലജ്ജാകരമായ അവസ്ഥ മറ്റു രാജ്യങ്ങളിലെ സഭകൾക്ക് ഉണ്ടാകാതിരിക്കട്ടെ. പിതാക്കന്മാർ വച്ച അതിർവരമ്പുകൾ മാറ്റിമറിക്കപ്പെടാതിരിക്കട്ടെ. പിതാക്കന്മാർക്കു ലഭിച്ച വെളിച്ചം അവരുടെ "അറിവുകേടായിരുന്നു" എന്ന് സ്വന്തം നാവുകൊണ്ട് പറയാൻ തക്കവണ്ണമുള്ള അഹന്ത ആർക്കും ഉണ്ടാകാതിരിക്കട്ടെ.

1998 ലെ ഒരനുഭവം. അവധിക്ക് നാട്ടിൽ വന്നപ്പോൾ ഞാനും എന്റെ സഹോദരി നിർമ്മലയും കൂടി തിരുവല്ല പട്ടണത്തിലുള്ള ഡോ.സുജിത് മാത്യുവിന്റെ ഡന്റൽ ക്ലിനിക്ക് സന്ദർശിച്ചത് ഓർമിക്കുന്നു. അദ്ദേഹത്തിന്റെ ഭാര്യ ഡോ. മേരി ഗീതയും ഒരു ഡന്റിസ്റ്റ് ആണ്. അവർ അക്കാലത്ത് എന്റെ സഹോദരിയുടെ അയൽവാസികളായിരുന്നു. എന്നെ അവർക്കു പരിചയപ്പെടുത്താനാണ് എന്റെ സഹോദരി എന്നെ അവിടേക്കു കൊണ്ടു പോയത്. അവിടെ എത്തിയപ്പോൾ ഡോ. സുജിത്തും ഭാര്യയും ക്ലിനിക്കിൽ ഇല്ലായിരുന്നു. സന്ദർശനമുറിയിലുള്ള ഒരു കസേരയിൽ അവരുടെ മകൻ ഇരിക്കുന്നു. നാല്- കൂടിയാൽ അഞ്ചു വയസു കാണും ആ കുട്ടിയ്ക്ക്. കൂടെ ഒരു ഡന്റൽ അസിസ്റ്റന്റും ക്ലിനിക്കിൽ ഉണ്ട്. എന്റെ സഹോദരി സി.എസ്.ഐ. സഭാംഗവും ആഭരണധാരിയുമാണ്.

അവരിൽ ആർക്കും എന്നെ പരിചയമില്ല. എന്നാൽ, എന്റെ സഹോദരിയെ ഡോ. സുജിത്തിന്റെ മകന് നന്നായി അറിയാം.

എന്നെ പരിചയപ്പെടുത്താൻ ശ്രമിച്ചു കൊണ്ട് നിർമ്മലമ്മാമ്മ ആ കുട്ടിയോടു ചോദിച്ചു: "മോനെ, ആശിഷേ, നിനക്ക് ഈ ആന്റിയെ അറിയാമോ?"

"അറിയാം," ആശിഷ് തലയാട്ടി.

"എന്നാൽ പറയൂ, ആരാണെന്ന്."

"ആരാണെന്നറിഞ്ഞുകൂടാ... പക്ഷേ പെന്തക്കോസ്താ."

ഞങ്ങൾക്ക് ചിരി പൊട്ടി.

"പെന്തക്കോസ്താണെന്ന് നീയെങ്ങനെറിഞ്ഞു കുഞ്ഞേ?"

"അതു പറയാനറിയത്തില്ല... പക്ഷേ പെന്തക്കോസ്താ."

ആഭരണ ശൂന്യമായ എന്റെ കഴുത്തിലും കർണങ്ങളിലും ദൃഷ്ടികൾ പതിപ്പിച്ചുകൊണ്ടായിരുന്നു ആ കൊച്ചു കുട്ടി ഇങ്ങനെ ഉറച്ച ഒരു മറുപടി നൽകിയത് □

---

**"No Admission To Believers," Professor Pushpa Samkutty, MS, Ph.D.**

Copyright: P.J.Samkutty, November 2012
First Published: November 2012. Third Printing: December 2012
Published by Jeevan Books, P. O. Box 61, Adur 691523, PTA Dt.
Printed @ Darsana Printers, Thottabhagom
ecsamkutty@hotmail.com ecsamkutty@yahoo.com